[Mr. Krishnan Aiyappan.]

(ബി) ഇതുമൂലം ചില കുടികിടപ്പുകാർ താമസിക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

(സി) കുടികിടപ്പുകാർക്ക് സ്ഥിരമായും അഭിമാനകരമായും താമസിക്കുന്നതിനു എന്തെങ്കിലും ഒരു പദ്ധതി ഉണ്ടാക്കുന്നതിനു ഗവണ്മെൻറാലോചിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അതു് ഏതുവരിലയിൽ നടപ്പിലാക്കണമെന്നാണു് ഉദ്ദേശിക്കുന്നതു ?

HON'BLE MR. V. O. MARKOS : (എ ബി) ഇവയെ സംബന്ധിച്ചു് ചില ഹർജികൾ കിട്ടിയിട്ടുണ്ടു്.

(സി) ഈ വിഷയം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

അറബിക് മുൻഷിമാരുടെ ശമ്പളം.

54. MR. ABDUL MAJEED : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) പ്രൈമറിസ്കൂളുകളിലെ അറബിക് മുൻഷിമാർക്ക് ഫുൾ ശമ്പളവും മിഡിൽസ്കൂളിലെ അറബിക് മുൻഷിമാക്ക് അതിൽ കുറഞ്ഞ ശമ്പളവുമാണു് നൽകപ്പെടുന്നതെന്നുള്ളതു് ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ ?

(ബി) മിഡിൽസ്കൂളിലെ അറബിക് മുൻഷിമാക്ക് പ്രൈമറിസ്കൂളുകളിലെ മുൻഷിമാരേക്കാൾ കൂടുതൽ ശമ്പളം അനുവദിക്കാൻ ഗവണ്മെൻറു് വേണ്ട നടപടി എടുക്കുമോ ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ടു്. എന്നാൽ പ്രൈമറിസ്കൂൾ അദ്ധ്യാപകനു് ഷിഫ്റ്റു് പദ്ധതി അനുസരിച്ചു് കൂടുതൽ ജോലിയുണ്ടു്.

(ബി) അതു് ആലോചനയിൽ ഇരിക്കുകയാണു്.

State Transport Services.

65. MR. R. CHELLASWAMI NADAR (*Vilavancode – Hindu Nadar*): Will the Hon'ble Minister for Transport be pleased to state :

(*a*) whether the Government have received any representation for introducing State Transport Service in Kuzhithurai—Pattanam service in Vilavancode taluk ; and

(*b*) if any, what steps the Government have taken ?

HON'BLE MR. K. R. ELANKATH : (*a*) Yes.

(*b*) The matter is under consideration by Government.

LIBRARY ARCHIVES Kerala Legislative Assembly